## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4980 22/05/2017-ൽ മറുപടിയ്ക്ക്

## പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്. എസ്സ്. എസ്സിന് കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്. എസ്സ്. എസ്സിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ആദ്യഗഡുവായി ഭരണാനുമതി നൽകിയ തുകയുടെ 20% അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കെട്ടിടം നിർമ്മിക്കുന്നത്. ടി കെട്ടിട നിർമ്മാണത്തിനായി 412 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്. |
| (സി) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ഭരണാനുമതി നൽകിയ തുകയുടെ 20% ആദ്യ ഗഡുവായി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ